## കേരള സർക്കാർ

വിവര പൊതുജന സമ്പർക്ക (എ) വകുപ്പ്

## സർക്കുലർ

നമ്പർ 6759/എ2/2009/ഐ.&പി.ആർ. തിരുവനന്തപുരം, 2009 മേയ് 8.

വിഷയം:—വിവര പൊതുജന സമ്പർക്ക വകുപ്പ്—ഔദ്യോഗിക വെബ് പോർട്ടൽ—സർക്കാർ ഉത്തരവുകളും സർക്കുലറുകളും മറ്റും ലഭ്യമാക്കുന്നത്—സംബന്ധിച്ച്.

കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടലായ www.kerala.gov.in-ൽ സർക്കാർ ഉത്തരവുകളും, സർക്കുലറുകളും, വിജ്ഞാപനങ്ങളും മറ്റും പ്രസിദ്ധീകരിക്കുന്നതിന് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഉത്തരവുകളും സർക്കുലറുകളും മറ്റും കൃത്യമായി വിവര പൊതുജന സമ്പർക്ക വകുപ്പിൽ ലഭിക്കാത്തതിനാൽ പൊതുജനങ്ങളുടെ അറിവിലേക്കായി നൽകപ്പെടേണ്ട ഒട്ടനവധി രേഖകൾ ഇപ്പോൾ ഔദ്യോഗിക വെബ് പോർട്ടലിൽ നൽകുവാൻ കഴിയാത്ത സാഹചര്യമാണുള്ളത്.

മേൽ സൂചിപ്പിച്ച വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഔദ്യോഗിക വെബ് പോർട്ടലിന്റെ ഉള്ളടക്കം കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും അതുവഴി ഭരണ സംവിധാനത്തെ കൂടുതൽ സുതാര്യമാക്കുന്നതിനുമായി താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

പ്രധാനപ്പെട്ട എല്ലാ സർക്കാർ ഉത്തരവുകളുടെയും സർക്കുലറുകളുടെയും വിജ്ഞാപനങ്ങളുടെയും ഒരു പകർപ്പ് ഔദ്യോഗിക വെബ് പോർട്ടലിൽ പ്രസിദ്ധീകരിക്കുന്നതിനായി വിവര പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഔദ്യോഗിക വെബ് പോർട്ടലിലെ സർക്കാർ ഉത്തരവുകളുടെ ആർക്കൈവ്സിൽ നൽകുന്നതിനായി പ്രധാനപ്പെട്ട പഴയ സർക്കാർ ഉത്തരവുകളുടെയും സർക്കുലറുകളുടെയും വിജ്ഞാപനങ്ങളുടെയും പകർപ്പും ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതാണ്.

കെ. ജെ. മാത്യു,
*ചീഫ് സെക്രട്ടറി.*

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/ വകുപ്പ് സെക്രട്ടറിമാർക്കും.

ഗവർണ്ണറുടെ സെക്രട്ടറിക്ക്.

എല്ലാ ജില്ലാ കളക്ടർമാർക്കും.

സെക്രട്ടറി, കേരള നിയമസഭാ സെക്രട്ടേറിയറ്റ്.

എല്ലാ വകുപ്പ് തലവൻമാർക്കും (സർക്കാർ/അർദ്ധ സർക്കാർ/സ്വയംഭരണ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെ).

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.

അഡ്വക്കേറ്റ് ജനറൽ, എറണാകുളം.

എല്ലാ യൂണിവേഴ്സിറ്റി രജിസ്ട്രാർമാർക്കും.

സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, തിരുവനന്തപുരം.

സെക്രട്ടറി, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം.

സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും/സെക്ഷനുകൾക്കും.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.